# മധുരമായ കുട്ടികളേ - ഒരേ ഒരു ബാബയ്ക്ക് മാത്രമാണ് അപരം-അപാരമായ മഹിമയുള്ളത്, ബാബയ്ക്കുള്ള പോലെ മഹിമ മറ്റാർക്കുമുണ്ടാകില്ല.

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഈ പഠിത്തത്തിൽ വളരെയധികം ശ്രദ്ധയുണ്ടാകണം - എന്തുകൊണ്ട്?
**ഉത്തരം:-** കാരണം മുഴുവൻ കല്പം എടുത്താൽ അതിൽ ഒരേ ഒരു പ്രാവശ്യമാണ് ബാബ പരംധാമത്തിൽ നിന്ന് പഠിപ്പിക്കുവാനായി വരുന്നത്. മനുഷ്യർ പഠിക്കുവാനായി ഭാരതത്തിൽ നിന്ന് വിദേശത്തേക്ക് പോകുന്നു. ഇത് വലിയ കാര്യമൊന്നുമല്ല. ഇവിടെ നിങ്ങളെ പഠിപ്പിക്കാൻ ബാബ എത്ര ദൂരെ നിന്നുമാണ് വരുന്നത്. അതുകൊണ്ട് കുട്ടികൾ പഠിത്തത്തിൽ വളരെ ശ്രദ്ധ വയ്ക്കണം. കുറച്ച് ബുദ്ധിമുട്ടുണ്ടെങ്കിലും സാരമില്ല. നിങ്ങളുടെ സ്കൂൾ ഓരോ തെരുവുകളിലും തുടങ്ങണം. അല്ലെങ്കിൽ ഇത്രയും പേർ എങ്ങനെ പഠിക്കും! തീർച്ചയായും ബാബയുടെ പരിചയം സർവ്വർക്കും ലഭിക്കണം.

**ഓം ശാന്തി**. മധുര മധുരമായ കുട്ടികളേ എന്ന് വിളിക്കുന്നതാരാണ്? സാധകനോ സന്ന്യാസിയോ ആയ മനുഷ്യനല്ല ഇങ്ങനെ വിളിക്കുന്നത് മറ്റാരോ ആണ്. മനുഷ്യരെ പെട്ടെന്ന് തിരിച്ചറിയുന്നു, പേരുവിളിച്ച് പറയും ഇദ്ദേഹം ഇന്ന സന്ന്യാസിയാണ്, ഇന്നയാൾ മഹാത്മാവാണ്. ഇവിടെ ആരാണെന്ന് കുട്ടികൾക്ക് മാത്രമേ അറിയൂ. കുട്ടി എന്ന് പറയുന്നത് ആത്മാവിനെയാണ്. ആത്മാവാണ് എല്ലാം അറിയുന്നത്, ശരീരമല്ല. ആത്മാവാണ് പറയുന്നത്-ഇന്നയാളാണ് അവയവങ്ങളിലൂടെ അറിയുന്നു. ആത്മാവില്ലായെങ്കിൽ ഈ കണ്ണുകൾ പ്രവർത്തിക്കില്ല. സർവ്വതും ആത്മാവാണ് അറിയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികളെ ആത്മാഭിമാനിയാക്കുന്നു. ഈ കർമ്മേന്ദ്രിയത്തിലൂടെ ഇന്ന കർത്തവ്യം ചെയ്യുന്നു എന്ന് ആത്മാവാണ് പറയുന്നത്. വാസ്തവത്തിൽ ആത്മാവിനെ പുരുഷനെന്ന് പറയാം, സ്ത്രീ എന്ന് പറയില്ല പുരുഷനാണ്. നമ്മൾ സർവ്വരും സഹോദര-സഹോദരരാണ്. ഇപ്പോൾ നിങ്ങൾ പുതിയ കാര്യങ്ങൾ കേൾക്കുന്നു. ഇതാരാണ് വന്നിരിക്കുന്നത്? തന്റേതായ മനുഷ്യരൂപമില്ലാത്ത ആളാണ്. പരിധിയില്ലാത്ത പിതാവാണ് ശിവബാബ. ബാബ ഈ ബ്രഹ്മാവിലൂടെ മനസിലാക്കി തരുന്നു എന്ന് നിങ്ങൾക്കറിയാം. ഇന്ന സന്യാസിയാണ്, സന്യാസിയുടെ ആത്മാവാണ് പറയുന്നതെന്ന് കരുതരുത്. മനുഷ്യരുടെ എല്ലാ ശ്രദ്ധയും നാമ-രൂപത്തിലേക്കാണ് പോകുന്നത്. ഇത് നമ്മളുടെ പരിധിയില്ലാത്ത അച്ഛനാണെന്ന് നിങ്ങളുടെ ബുദ്ധി മനസിലാക്കുന്നു. ബാബ ശരീരത്തിലൂടെ നമുക്ക് തന്റെ ആസ്തി നല്കുന്നു. രാജയോഗം പഠിപ്പിക്കുന്നു. ബാബ സർവ്വരുടെയും പിതാവാണ്. മനുഷ്യരുടെ മാത്രമല്ല, 5 തത്വങ്ങളെയും പാവനമാക്കുന്ന സർവ്വതിന്റെയും പതീത പാവനനാണ്. സർവ്വർക്കും സത്ഗതി നല്കുന്ന പരമോന്നതനായ പിതാവാണ്. സൃഷ്ടിയിൽ മഹിമയ്ക്ക് അർഹനായുള്ളത് ഒരേ ഒരു ബാബ മാത്രമാണ്, മറ്റാരുമില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരന്റെ മഹിമ പാടാൻ സാധ്യമല്ല. അവരുടെ പിറന്നാളാഘോഷിക്കുന്നത് എന്തിനാണ്. ലക്ഷ്മീ-നാരായണന്റെ ഒരുമിച്ചുള്ള രൂപമാണ് വിഷ്ണു. എന്നാൽ വിഷ്ണു ഇപ്പോൾ എവിടെയാണ്? ല്ക്ഷ്മീ നാരായണൻ ഇപ്പോൾ പുനർജന്മം എടുത്ത് എടുത്ത് അന്തിമ ജന്മത്തിലാണ്, വീണ്ടും ശിവബാബ അവരെ യോഗ്യതയുള്ളവരാക്കുന്നു. സർവ്വരുടെയും സത്ഗതി ദാതാവ് ആ ബാബ മാത്രമാണ്. മഹിമ ഒരാൾക്ക് മാത്രമേയുള്ളു. ആ പതീത പാവനനില്ലാതെ ഈ സൃഷ്ടിയുടെ അവസ്ഥ എന്തായി എന്ന് നോക്കൂ. രാധാകൃഷ്ണൻ എവിടെയാണെന്ന് കൃഷ്ണന്റെ ഭക്തന്മാരോട് ചോദിച്ചാൽ പറയും സർവ്വവ്യാപിയാണെന്ന്. രാധയുടെ പൂജാരിമാർ പറയും- രാധ തന്നെ രാധ ഹനുമാന്റെ പൂജാരിമാർ പറയും- എവിടെ നോക്കിയാലും ഹനുമാൻ തന്നെ ഹനുമാൻ എന്നാൽ അങ്ങനെയല്ല. ബാബ തന്റെ മഹിമ പാടില്ല. തന്റെ പാർട്ടിലൂടെ തെളിയിക്കുന്നു, മറ്റുള്ളവരുടെ മഹിമ പാടേണ്ട കാര്യമില്ലെന്ന്. ലക്ഷ്മീ നാരായണൻ രാജ്യം ഭരിക്കുന്നു. ചെറുപ്പത്തിൽ രാധാകൃഷ്ണനാണ്, അത് പ്രാലബ്ധമാണ് അതുകൊണ്ട് മഹിമ എന്തിന് പാടണം. ബ്രഹ്മാവിനും മഹിമയില്ല, വിഷ്ണുവിനും ഒരു മഹിമയുമില്ല. മഹിമ ഒരാൾക്ക് മാത്രമേയുള്ളു. ആ ബാബയെ പതീത പാവനനെന്ന് വിളിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം വിഷ്ണു ആരാണെന്ന് ! വിഷ്ണുവിനെ സ്വദർശന ചക്രധാരിയായി സൂക്ഷ്മവതനത്തിൽ എന്തുകൊണ്ടാണ് കാണിച്ചിരിക്കുന്നത്? മനുഷ്യർക്ക് കൂടുതൽ ഭുജങ്ങൾ ഉണ്ടാകില്ല. പ്രവൃത്തി മാർഗ്ഗത്തെ കുറിക്കുവാനാണ് സൂക്ഷ്മവതനത്തിൽ 4 ഭുജങ്ങൾ കാണിച്ചിരിക്കുന്നത്.

ബാബ പറയുന്നു- മധുരമായ കുട്ടികളേ 84 ജന്മങ്ങൾ എങ്ങനെയാണ് എടുക്കുന്നതെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. നിങ്ങളുടെ ഗൃഹസ്ഥ വ്യവഹാരം പവിത്രമായിരുന്നു. അങ്ങ് സർവ്വഗുണസമ്പന്നനും മാതാവും പിതാവും.... എന്ന് ക്ഷേത്രങ്ങളിൽ പോയി പാടാറില്ലേ, ഇപ്പോൾ ഈ മഹിമ തെറ്റാകുന്നു. ഒന്നിന് മാത്രമേ ഈ മഹിമയുള്ളു, ദേവതകൾക്കില്ല. എന്തൊക്കെ മഹിമകൾ ഉണ്ടോ അതെല്ലാം ഒന്നിന്റെയാണ്. അതാണ് പരമപിതാ പരമാത്മാവ്. പരമമായ പിതാവ്, പരമമായ ടീച്ചർ, പരമാത്മാ സത്ഗുരു, അകാലൻ എന്ന് പറയാ

റില്ലേ. ബാബയെ ഓർമ്മിക്കുന്നു, ബാബയാണ് അകാലമൂർത്തി. ശിവബാബയെ കാളപ്പുറത്ത് കാണിക്കുന്നു. അവരാണെങ്കിൽ അകാല സിംഹാസനം കാണിക്കുന്നു. ശിവബാബ എന്താണെന്ന് ആർക്കും അറിയില്ല. ക്ഷേത്രങ്ങളിൽ വെയ്ക്കുന്നത് ബാബയുടെ അടയാളത്തിനന്റെ അംശം മാത്രമാണ്. ബാബ ജ്ഞാന സാഗരനും പതീതപാവനുമാണ്. ബാബയ്ക്ക് മനുഷ്യ ശരീരം വേണം. ഈ ബ്രഹ്മാവാണ് ബാബയുടെ സിംഹാസനമെണ് നിങ്ങൾ കുട്ടികൾക്കറിയാം. ധർമ്മസ്ഥാപകർക്ക് എന്ത് മഹിമയാണുള്ളത്. അവർ കേവലം വന്ന് ധർമ്മം സ്ഥാപിക്കുന്നു. അവർ ജീവൻ മുക്തിയൊന്നും നല്കുന്നില്ല. മനുഷ്യർ പറയുന്നു – മോക്ഷം ലഭിക്കണം, പിന്നെ തിരിച്ച് വരുകയില്ല. ആ ധർമ്മ സ്ഥാപകർ തന്റെ ധർമ്മത്തിലുള്ളവരെ അധ:പതിപ്പിക്കുവാൻ നിമിത്തമായി തീരുന്നു. അവർക്ക് വന്ന് തന്റെ ധർമ്മം സ്ഥാപിക്കണം. ഡ്രാമയിലെ പാർട്ടാണ്. വരുന്നവർക്കെല്ലാം തന്നെ പുനർജന്മം എടുക്കണം. ഇപ്പോൾ ബാബ സ്ഥാപന ചെയ്യുന്നു. ബാബ സർവ്വരുടെയും പതീത പാവനനാണ്. മറ്റാർക്കും പാവനമാക്കാൻ സാധിക്കില്ല. അവർ വന്ന് തന്റേതായ പാർട്ടഭിനയിക്കുന്നു അവർക്കും സതോ രജോ തമോയിലേക്ക് വരണം അവർ ധർമ്മം സ്ഥാപിച്ചു, അത്രമാത്രം. എന്ത് അറിവാണോ നല്കിയത് അത് പിന്നീട് ശാസ്ത്രമാക്കി. ധർമ്മം സ്ഥാപിച്ചവർക്ക് തീർച്ചയായും പിന്നീട് പാലനയും ചെയ്യണം. ആരും തിരിച്ച് മടങ്ങുന്നില്ല. സർവ്വരും ഇപ്പോൾ ഭിന്ന ഭിന്ന നാമ രൂപത്തിൽ ഇവിടെ പതീത ലോകത്തിലുണ്ട്. ആദ്യ നമ്പറിലുണ്ടായിരുന്ന ലക്ഷ്മീ നാരായണനെ നോക്കൂ അവരും ഇപ്പോൾ ഇവിടെയുണ്ട്. പ്രജാപിതാ ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിക്കുന്നു. പിന്നീട് ഇവർ പോയി രാധാകൃഷ്ണനാകുന്നു. ശിവബാബ വരാത്തിടത്തോളം ആർക്കും പാവനമാകാൻ സാധിക്കില്ല. ബലിയാകേണ്ടത് ആ ഒരേ ഒരു ബാബയിലാണ്. ബാബയ്ക്ക് മാത്രമേ മഹിമയുള്ളൂ. ശിവായ നമ:, നീ തന്നെ മാതാവും– പിതാവും... എന്ന് പറഞ്ഞ് സർവ്വരും ഓർമ്മിക്കുന്നു. ഏറ്റവും കൂടുതൽ മഹിമയുള്ളത് ആ ബാബയ്ക്ക് മാത്രമാണ്. ഓ ഗോഡ് ഫാദർ എന്ന് വിളിക്കുന്നത് ബാബയെയാണ്. ഈ നാടകം മുൻപേ ഉണ്ടാക്കപ്പെട്ടതാണ്. സൃഷ്ടി പഴയതാകുമ്പോൾ ബാബ വരുന്നു. മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം മൂന്ന് ലോകങ്ങളുടെ ജ്ഞാനം നല്കുന്നു. ജ്ഞാനം ഒരേ ഒരു പ്രാവശ്യമാണ് ലഭിക്കുന്നത്. ബാബയെ ജ്ഞാന സാഗരൻ എന്ന് വിളിക്കുന്നു. ബാക്കി ഈ സൂര്യ, ചന്ദ്രൻമാരെല്ലാം പരിധിയില്ലാത്ത മണ്ഢപത്തിന് പ്രകാശം നല്കുന്ന വിളക്കുകളാണ്. അത് രാത്രിയിൽ, ഇത് പകലിൽ മണ്ഡപത്തിന് പ്രകാശം നൽകുന്ന വിളക്കുകൾ ആണ്. സൂര്യ ദേവതായ നമ: എന്ന് പറയേണ്ടതില്ല. ബ്രഹ്മാ, വിഷ്ണു ശങ്കരനാണ് ദേവതകൾ. മൂലവതനത്തിൽ നിന്ന് ആത്മാക്കൾ ഇവിടെ വരുമ്പോൾ നേരെ ഗർഭത്തിലേക്ക് പോകുന്നു. അല്ലാതെ സൂക്ഷ്മവതനത്തിലേക്ക് പോകുന്നില്ല. നേരെ സത്യയുഗത്തിൽ ഗർഭ കൊട്ടാരത്തിലേക്ക് വരും. അവിടെ ഒരു പാപ കർമ്മവും ഉണ്ടാകില്ല. ഇവിടെയാണ് പാപം ചെയ്യുന്നത്. അതുകൊണ്ട് രക്ഷിക്കണേ രക്ഷിക്കണേ എന്ന് വിളിക്കുന്നു. ധർമ്മരാജൻ, എന്നെ പുറത്തേക്ക് കൊണ്ടുവരൂ. പാപം ഇനി ചെയ്യില്ല എന്ന് പറയുന്നു. എന്നാൽ പുറത്ത് വന്ന് കഴിയുമ്പോൾ പാപം ചെയ്യാൻ തുടങ്ങുന്നു. അവിടെ പറഞ്ഞത് അവിടെ..... ഇതും ഡ്രാമയിലുള്ളതാണ്. ഭാരതത്തിന്റെ ഏറ്റവും വലിയ ശത്രു രാവണനാണ്. ദ്വാപരം മുതലാണ് രാവണരാജ്യം ആരംഭിക്കുന്നത്. ദ്വാപരത്തിലാണ് ദേവീ ദേവതകൾ വാമമാർഗത്തിലേക്ക് പോകുന്നത്. ദേവതകളുടെ ക്ഷേത്രങ്ങൾ മാത്രം ഇപ്പോളുണ്ട്. നോക്കൂ, പുരിയിൽ ക്ഷേത്രങ്ങൾ എങ്ങനെയാണുണ്ടാക്കിയിരിക്കുന്നത്. ഉള്ളിൽ ജഗന്നാഥന്റെ മൂർത്തിയുണ്ട്. വെളിയിൽ ദേവതകളുടെ വളരെ മോശമായ ചിത്രങ്ങളാണ്. ഇങ്ങനെയുള്ള ചിത്രങ്ങൾ ക്ഷേത്രങ്ങളിൽ വെയ്ക്കാൻ പാടില്ല. നിങ്ങൾ ഇപ്പോൾ ശ്രീമതമനുസരിച്ച് ശ്രേഷ്ഠമാകാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. സത്യയുഗത്തിന്റെ ആദിയിൽ ലക്ഷ്മീ നാരായണൻ ശ്രേഷ്ഠമായിരുന്നില്ലേ. ഇവർ ഈ ശ്രേഷ്ഠ പദവി എങ്ങനെയാണ് നേടിയത്. ഇപ്പോൾ നിങ്ങൾ വീണ്ടും പഠിച്ചുകൊണ്ടിരിക്കുന്നു. ബാബ പറയുന്നു ഞാൻ കല്പകല്പത്തിൽ കല്പത്തിന്റെ സംഗമയുഗത്തിൽ വീണ്ടും വരുന്നു, വന്നുകൊണ്ടിരിക്കും. വീണ്ടും നിങ്ങൾ കുട്ടികളെ രാജയോഗം പഠിപ്പിക്കും. വീണ്ടും സതോ രാജോ തമോയിലേക്ക് വരണം. ആദ്യമാദ്യം വരുന്നവർക്ക്, നിങ്ങൾക്ക് 84 ജന്മങ്ങൾ അനുഭവിക്കേണ്ടി വരുന്നു. സർവ്വരും അനുഭവിക്കുന്നില്ല. 84 ലക്ഷം ജന്മങ്ങളൊന്നുമില്ല. മനുഷ്യരോട് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അത് സത്യം സത്യമെന്ന് പറഞ്ഞുകൊണ്ടിരിക്കും. അഥവാ 84 ലക്ഷം ജന്മങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ കല്പത്തിന്റെ ആയുസ്സ് വലുതാകണം. ബാബ പറയുന്നു–84 ജന്മങ്ങളാണ് അതും എടുക്കുന്നത് ദേവതകളാണ്. ശരി, പിന്നെ ഇസ്ലാമി, ബൗദ്ധി, ക്രിസ്ത്യൻ തുടങ്ങിയവർ എത്ര ജന്മങ്ങൾ എടുക്കുമായിരിക്കും കണക്കുണ്ടല്ലോ. വളരെയധികം പേർ വരുന്നുണ്ട്. ശിഖിരങ്ങൾ ഉണ്ട്.

നിങ്ങൾക്ക് മുഴുവൻ സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തെ അറിയാം. ഭാരതം വിശ്വത്തിന്റെ അധികാരത്തിൽ ആദ്യ നമ്പറിലായിരുന്നു. അപ്പോൾ മറ്റ് ധർമ്മങ്ങൾ ഉണ്ടായിരുന്നില്ല. ഇപ്പോൾ ആ ദേവി ദേവതാ ധർമ്മത്തിന്റെ തായ്ത്തടിയില്ല. അവരുടെ ശാസ്ത്രവും ഇല്ല. ഈ ഗീത തുടങ്ങിയ ശാസ്ത്രങ്ങൾ പിന്നീടുണ്ടാക്കും. നിങ്ങൾ ഉണ്ടാക്കുന്ന സത്യമായ ഗീത ഉണ്ടാകും എന്നു കരുതരുത്. ഇതും ഇല്ലാതാകും. അതേ ഗീതയേ വീണ്ടും വരികയുള്ളൂ. ഭക്തീ മാർഗ്ഗത്തിനുവേണ്ടി സർവ്വതും വേണ്ടേ. കുട്ടികൾക്ക് ബ്രഹ്മാവി

ലൂടെ മനസ്സിലാക്കി തരുന്നു. ഇപ്പോൾ തീർച്ചയായും ബ്രഹ്മാവിലൂടെയാണ് ഭഗവാന്റെ പ്രാപ്തിയുണ്ടാകുന്നത്. ബാബ പറയുന്നു – ഇത് സർവ്വതും ഭക്തിമാർഗ്ഗമാണ്. ഇവിടെ ഭാരതത്തിൽ ഞാൻ വരുമ്പോളാണ് എന്റെ പ്രാപ്തിയുണ്ടാകുന്നത്. ഭാരതമാണ് അവിനാശി ഖണ്ഡം. ഭാരതം എത്ര സമ്പന്നമായിരുന്നു. സോമനാഥ ക്ഷേത്രം എത്ര വലുതാണ്. എല്ലാം കൊള്ളയടിച്ചു കൊണ്ടുപോയി. ബിർളയുടെ പക്കൽ വളരെ ധനം ഉണ്ടായിരുന്നതുകൊണ്ടാണ് ഇത്ര വലിയ ക്ഷേത്രം പണിതത്. ബാബ എത്ര നല്ല രീതിയിലാണ് മനസിലാക്കി തരുന്നത്. ഇത് മറ്റാർക്കും മനസിലാക്കി തരാൻ സാധിക്കില്ല. ജ്ഞാന സാഗരനായ ബാബ കുട്ടികൾക്ക് മനസിലാക്കി തരുമ്പോഴാണ് കുട്ടികൾ മനസ്സിലാക്കുന്നത്. ഇതാരാണ് പഠിപ്പിക്കുന്നത്? സന്യാസിയൊന്നുമല്ല. അദ്ദേഹത്തിന്റെ പേരാണ് ശിവൻ. സർവ്വ ആത്മാക്കളും ശിവന്റെ കുട്ടികളാണ്, മറ്റുള്ളവരുടെ ശരീരത്തിന്റെ പേര് മാറിക്കൊണ്ടിരിക്കും. ശിവന് ഒരു പേര് മാത്രമേയുള്ളു. എനിക്ക് വേറെ പേരൊന്നുമില്ല എന്ന് പറയുന്നു. നിങ്ങൾ ജനന മരണത്തിലേക്ക് വരുന്നു, ദേഹാഭിമാനിയുമാകുന്നു. ഞാൻ ഒരിക്കലും ദേഹാഭിമാനിയാകുന്നില്ല. ബാബ സദാ ദേഹിഅഭിമാനിയാണ് കാരണം പുനർജ്ജന്മത്തിലേക്ക് വരുന്നില്ല. ശിവരാത്രി ആഘോഷിക്കാറില്ലേ. എന്നാൽ രാത്രിയുടെ അർത്ഥമൊന്നും മനസ്സിലാക്കാൻ സാധിക്കില്ല. എത്ര തെറ്റുകളാണ്. ഇപ്പോൾ രാത്രിയാണ്, പിന്നീട് പകലാകും. ഇപ്പോൾ കല്പത്തിന്റെ അന്ത്യം അർദ്ധരാത്രിയാണ്. സത്യ– ത്രേതായാണ് പകൽ, ദ്വാപര കലിയുഗമാണ് രാത്രി,സംഗമത്തിലാണ് എനിക്ക് വരേണ്ടിവരുന്നത്. ഇത് പരിധിയില്ലാത്ത രാത്രിയും പകലുമാണ്. ഭഗവാനുവാച, മനസിലാക്കി തരികയാണ്. ഈ വേള മുഖ്യമായതാണ്. എന്നാൽ ശിവബാബ വരുന്ന വേള കൃത്യമായി എടുക്കാൻ സാധിക്കില്ല. കാരണം ബാബ എപ്പോളാണ് വരുന്നതെന്ന് അറിയാൻ സാധിക്കില്ല. ഇതാണ് പരിധിയില്ലാത്ത പകലും, രാത്രിയും ഇതിനെ കല്പത്തിന്റെ സംഗമമെന്ന് പറയുന്നു. ജന്മദിനം ആഘോഷിക്കേണ്ടത് ഒരേ ഒരു ബാബയുടെയാണ്. ശിവബാബ വരുന്നു. പിന്നെ തിരിച്ചു പോകുന്നു. ബാബയ്ക്ക് ജന്മവും മരണവും ഇല്ല. ബാബ പോയി എന്ന് പറയും, ഇത് കളിയാണ്. ബാബ ഇരുന്ന് മനസിലാക്കി തരുന്നു. വഴിയിൽ പോയിക്കൊണ്ടിരുന്ന ബ്രാഹ്മണൻ കുടുങ്ങിപ്പോയി എന്ന് പാടാറുണ്ട്. ഈ ബ്രഹ്മാബാബയെയാണ്, അറിയില്ലായിരുന്നു പെട്ടെന്ന് ശിവബാബ പ്രവേശിച്ചു. ഇത് ബാബയുടെ പ്രവർത്തനമാണെന്ന് മുൻപേ തന്നെ അറിയാൻ സാധിക്കില്ല. പതുക്കെ പതുക്കെയാണ് അറിയാൻ സാധിക്കുന്നത്. ഈ ജ്ഞാന യജ്ഞത്തിലൂടെയാണ് വിനാശജ്വാല പ്രജ്ജ്വലിതമാകുന്നത്. പരിധിയില്ലാത്ത യജ്ഞത്തിൽ പരിധിയില്ലാത്ത സാമഗ്രികൾ സ്വാഹയാകണം. പരിധിയില്ലാത്ത ബാബയുടെ യജ്ഞമാണിത്. ഇതിന് ശേഷം മറ്റൊരു യജ്ഞം രചിക്കില്ല.

ഭക്തിമാർഗ്ഗം ഇല്ലാതാകുന്നു എന്ന ഈ ജ്ഞാനം ബുദ്ധിയിലുണ്ടാകണം. പഠിത്തം പഠിപ്പിക്കാൻ വരണം. കുറച്ച് ബുദ്ധിമുട്ടുണ്ടാകുന്നു. മനുഷ്യർ പഠിക്കുവാനായി ഭാരതത്തിൽ നിന്ന് ലണ്ടൻ, അമേരിക്ക വരെ പോകുന്നു. അതൊക്കെ എന്ത് ദൂരമാണ്. ബാബ പറയുന്നു, ഞാൻ കല്പ കല്പം കല്പത്തിന്റെ സംഗമയുഗേ,യുഗേ പരധാമത്തിൽ നിന്ന് പഠിപ്പിക്കുവാനായി വരുന്നു. അതുകൊണ്ട് കുട്ടികൾ പഠിത്തത്തിൽ എത്ര ശ്രദ്ധിക്കണം ഭാവിയിൽ സ്കൂൾ ഓരോ തെരുവുകളിലും ഉണ്ടാകും അല്ലെങ്കിൽ എങ്ങനെ എല്ലാവരും പഠിക്കും. ബാബയുടെ പരിചയം എല്ലാവർക്കും ലഭിക്കണം. ബാബയെ തീർച്ചയായും എല്ലാവരും അറിയും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ശ്രീമതമനുസരിച്ച് സദാ ശ്രേഷ്ഠമാകാനുള്ള പുരുഷാർത്ഥം ചെയ്യണം. പഠിത്തത്തിൽ ഒഴിവ് കഴിവ് പറയരുത്. തീർച്ചയായും പഠിത്തം പഠിക്കണം.

2) ആദിയിൽ പവിത്ര ഗൃഹസ്ഥ ആശ്രമമായിരുന്നതുപോലെ ഇപ്പോഴും തന്റെ ഗൃഹസ്ഥത്തെ പവിത്ര ഗൃഹസ്ഥ ആശ്രമമാക്കണം. ബലിയാകേണ്ടത് ഒരേ ഒരു ബാബയിലാണ്, ബാബയുടെ മാത്രം ഗുണഗാനം പാടണം.

**വരദാനം:- ഓരോ ഖജനാവിനെയും തനിക്ക് വേണ്ടിയും സർവ്വർക്ക് വേണ്ടിയും കാര്യത്തിൽ ഉപയോഗിക്കുന്ന അനുഭവീ മൂർത്തിയായി ഭവിക്കൂ**

ഉൾക്കൊള്ളുന്നതിനുള്ള ശക്തിയെ ധാരണ ചെയ്ത് സർവ്വ ഖജനാക്കളാലും സമ്പന്നമായി അവയെ തനിക്ക് വേണ്ടിയുള്ള കാര്യങ്ങളിൽ അല്ലെങ്കിൽ മറ്റുള്ളവരുടെ സേവനത്തിനായുള്ള കാര്യത്തിൽ ഉപയോഗിക്കൂ. ഖജനാവുകളെ ഉപയോഗിക്കുന്നതിലൂടെ അനുഭവീ മൂർത്തിയായി തീരും. കേൾക്കുക, ഉൾക്കൊള്ളുക സമയത്ത് കാര്യത്തിൽ ഉപയോഗിക്കുക - ഈ വിധിയിലൂടെ അനുഭവത്തിന്റെ അധികാരിയാകാൻ സാധക്കും. ഏതുപോലെയാണോ കേൾക്കുന്നത് നല്ലതായി തോന്നുന്നത്, പോയന്റ് വളരെ നല്ല ശക്തിശാലിയാണ്, ഇതുപോലെ അതിനെ ഉപയോഗിച്ച് ശക്തിശാലിയും വിജയിയുമാകൂ അപ്പോൾ പറയും അനുഭവീ മൂർത്തി.

**സ്ലോഗൻ:- ഗുണവാനെന്ന് അവരെയാണ് പറയുന്നത് - ആരാണോ ഗ്ലാനി ചെയ്യുന്നവരെ പോലും ഗുണ മാല അണിയിച്ചുകൊണ്ട് പോകുന്നത്.**